പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1390 04.02.2019 ൽ മറുപടിയ്ക്ക്

**കോന്നി താലൂക്കിൽ റദ്ദ് ചെയ്ത പട്ടയങ്ങൾ**

**ചോദ്യം**
**ശ്രീ.അടൂർ പ്രകാശ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി താലൂക്കിൽ നൽകിയിരുന്ന പട്ടയങ്ങൾ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ആരുടെയെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി താലൂക്കിൽ 1843 പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്. (ചിറ്റാർ - 465, സീതത്തോട് - 451, കലഞ്ഞൂർ - 90, തണ്ണിത്തോട് - 731, കോന്നിത്താഴം - 78, അരുവാപ്പുലം - 28). പട്ടയം റദ്ദ് ചെയ്തിട്ടുള്ള 1843 പേരുടെ വിവരങ്ങൾ 178 പേജുകളിലായി കോന്നി താലൂക്കാഫീസിലെ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം റദ്ദ് ചെയ്യാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) 27/02/16 ലെ സ.ഉ(എം.എസ്)നം.174/2016/റവ പ്രകാരം പട്ടയം നൽകുന്നതിനായി ഉത്തരവായിരുന്നു. ടി ഉത്തരവിൽ വനംവകുപ്പ് / തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുമായി തർക്കങ്ങൾ നിലവിലില്ലെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി വ്യവസ്ഥ പാലിക്കാതെ പട്ടയം തയ്യാറാക്കി വിതരണം ചെയ്തതിനാലാണ് റദ്ദ് ചെയ്തിട്ടുള്ളത്. |
| (സി) | പട്ടയം റദ്ദ് ചെയ്തതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) സർക്കാർ ഉത്തരവ് പ്രകാരമല്ല റദ്ദ് ചെയ്തിട്ടുള്ളത്. |

| | | |
|---|---|---|
| (ഡി) | ഇവർക്ക് വീണ്ടും പട്ടയം ലഭിക്കുന്നതിന് എന്തെങ്കിലും തുടർ നടപടികൾ കൈക്കൊള്ളുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) ഭക്ഷ്യോൽപ്പാദന മേഖലയായി പ്രഖ്യാപിക്കപ്പെട്ട പ്രദേശത്തിൽ പട്ടയം നൽകുവാൻ ബാക്കിയുള്ള കൈവശങ്ങൾക്ക് പട്ടയം നൽകുന്നതിൽ എതിർപ്പില്ലെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചിട്ടുണ്ട്. അപ്രകാരമുള്ള ഭൂമിയിൽ താമസിക്കുന്നവർക്ക പട്ടയം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കൂടുതൽ ഭൂമിയും 1-1-1977 ന മുമ്പുള്ള കൈവശഭൂമിയാണെന്ന് വനം വകുപ്പ് അറിയിച്ചത് അനുസരിച്ച് 1-1.1977 ന മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനായി ടി ഭൂമിയുടെ കോ ഓർഡിനേറ്റ്സ് എടുത്ത് ജിയോ റഫറൻസ് മാപ്പ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി വെബ് സൈറ്റിൽ 2019 ഫെബ്രുവരി മാസം 20-ാം തീയതിയ്ക്കുള്ളിൽ അപ് ലോഡ് ചെയ്യണമെന്ന് പത്തനംതിട്ട ജില്ലാ കളക്ടറുടെ ചേംബറിൽ 18.01.2019-ാം തീയതിയിൽ ചേർന്ന റവന്യൂ, വനം വകുപ്പ് മന്ത്രിമാരുടെ സംയുക്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈകൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ